# ACADEMIC MASTER PLAN

## 2025-26

## G L P S KOIPADY KADAPPURAM

**SCHOOL CODE : 11341**



# ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ചരിത്രം
- അടിസ്ഥാന വിവരങ്ങൾ
- പൊതുലക്ഷ്യങ്ങൾ
- കാഴ്ചപ്പാട്
- അക്കാദമിക മേഖല പ്രവർത്തനങ്ങൾ I TO IV
- ഭൗതിക മേഖല
- സാമൂഹിക മേഖല
- ഉപസംഹാരം


## ആമുഖം

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ കടലോര പ്രദേശമായ കോയിപ്പാടി കടപ്പുറത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. നിർധനരായ മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് അറിവിന്റെ വെളിച്ചം പകർന്നുനൽകുന്ന കലാലയം . നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് വലിയതോതിലുള്ള പിന്തുണയാണ് ലഭിച്ചത്. സ്കൂളിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ വിഭവങ്ങൾ നൽകാൻ സർക്കാറിന് പുറമേ പൊതുസമൂഹം പൂർണമനസ്സോടെ മുന്നോട്ടുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അധ്യാപകർ ,രക്ഷിതാക്കൾ ,പൂർവ്വ വിദ്യാർത്ഥികൾ ,സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ ,വിവിധ സർക്കാർ ഇതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പുതിയ അർത്ഥങ്ങളിലേക്ക്

വ്യാപിക്കുകയാണ്.ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അക്കാദമിക നിലവാരവും കൂടുതൽ മികവുറ്റതാക്കിയാൽ മാത്രമേ ഈ ഒരു യജ്ഞം പൂർണ്ണ വിജയത്തിലെത്തി എന്ന് നമുക്ക് അനുമാനിക്കാൻ സാധിക്കുകയുള്ളൂ. അതിനായി അക്കാദമി മികവ് വർദ്ധിപ്പിക്കുന്നതിനുള്ള കൃത്യമായ പദ്ധതികൾ രൂപപ്പെട്ടു വരേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ  അപര്യാപ്തത  സ്ക്കുൾ നേരിടുന്ന ഒരു പ്രധാന  വെല്ലുവിളിയയാണ്  ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിലും നമുക്ക് ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയം മുന്നോട്ട് വെച്ച പ്രവർത്തനങ്ങളിൽ പൊതുസമൂഹം കാണിക്കുന്ന താൽപര്യമാണ് നമ്മുടെ ഊർജ്ജം. നിലവിലെ ഭൗതിക സൗകര്യങ്ങളിലുള്ള ചില പരിമിതികൾ മറികടക്കാനായി പുതിയ കെട്ടിടം എന്ന സ്വപ്നം അധികം വൈകാതെ തന്നെ സാക്ഷാത്കരിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടും കൂടി വിദ്യാലയത്തെ ഹൈടെക് ആക്കി മാറ്റേണ്ടതുണ്ട് അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കുകയുള്ളു. ഭൗതിക സാഹചര്യങ്ങളുടെ മികവും വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളും എല്ലാം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടിരിക്കുകയാണ്.നമ്മുടെ  ഒത്തൊരുമിച്ചുള്ള  പ്രവർത്തനത്തിലൂടെ നമ്മുടെ വിദ്യാലയം  മികവിൻെറ  കേന്ദ്രമായി ശോഭിക്കാൻ  കൈകോർക്കാം

## വിദ്യാലയ ചരിത്രം

കാസറഗോഡ് ജില്ലയുടെ  വടക്കേ അറ്റത്ത്മഞ്ചേശരം താലൂക്കിൽ കോയിപ്പാടി എന്ന കൊച്ചു ഗ്രാമം. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക്നാഷണൽ ഹൈവേയ്ക്കും ഇടയിൽ രണ്ടര കിലോമീററർ ചുററളവിൽ ഒററപ്പെട്ടുകിടക്കുന്ന പ്രദേശം .കടലിൻെറ സ്പന്ദനങ്ങൾക്കൊത്ത്  ജീവിതം പാകപ്പെടുത്തുന്ന നിർധനരായ മത്സ്യതൊഴിലാളികൾ പ്രക്ഷുബ്ദമായകടലിനോടും  ആഞ്ഞടിക്കുന്ന  കാററിനോടുംപൊരുതി  ജീവിക്കുന്ന ഇവർക്ക്  വിദ്യാഭ്യാസത്തി  ൻെറ  പ്രധാന്യത്തേക്കുറിച്ചുള്ള  അവബോധം  വളരെ പരിമിതമായിരുന്ന കാലം.

മഴക്കാലത്തും വേലിയേററ സമയത്തും നിറഞ്ഞുകവിയുന്ന  പുഴയും  റെയിൽപാളവും നാഷണൽഹൈവേയും കടന്ന് രണ്ട് കിലോമീററർ അകലെയുള്ള ജി എസ് ബി എസ് കുമ്പള യിൽ എത്തിച്ചേരുക ദു:ഷ്ക്കരവും അപകടകരവുമായിരുന്നതിനാൽ  1997 വരെ

പര്‍വാഡ് ഉള്‍പ്പെടെയുള്ള കോയിപ്പാടി നിവാസികള്‍ വിദ്യാലയത്തിന്റെ പടിക്ക് പുറത്തായിരുന്നു 1995-1996 കാലഘട്ടത്തില്‍ നടത്തപ്പെട്ട സര്‍വേപ്രകാരം അഞ്ചിനും എട്ടിനും ഇടയില്‍ പ്രായമുള്ള കുട്ടികള്‍ സ്ക്കളില്‍ പോകാത്തതായി കണ്ടെത്തി

DPEP സര്‍വ്വേ പ്രകാരം ജില്ലയിലെ വിദ്യാഭ്യസപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 1998-ല്‍ ആരംഭിച്ച സ്ക്കൂളുകളില്‍ ഒന്നാണ് കോയിപ്പാടി കടപ്പുറം സ്കൂള്‍ .ഗതാഗതസൗകര്യത്തിന്റെ അഭാവം,സാമൂഹിക -സാമ്പത്തിക പിന്നോക്കാവസ്ഥ......തുടങ്ങിയകാരണങ്ങളാല്‍ എഴുത്തു വായനനയും അറിയാതെ പരമ്പരാഗത തൊഴില്‍ സ്വീകരിച്ചു ജീവിച്ചുവന്ന ജനതയ്ക്ക് മുന്നില്‍ കോയിപ്പാടി സ്കൂള്‍ അറിവിന്റെ വാതായനങ്ങള്‍ തുറന്നു .1998 ല്‍ ഒന്നാം ക്ലാസ്സ് ആരംഭിച്ച് പടിപടിയായി ഉയര്‍ന്ന് 2002 ഓടെ ഒരു എല്‍ പിസ്ക്കുളിന്റെ പദവിയിലേക്കുയര്‍ന്നു. മദ്രസയില്‍ പ്രവര്‍ത്തനനമാരംഭിച്ച സ്ക്കുള്‍ 2000-മാണ്ടില്‍ ഫിഷറീസ്വവകുപ്പ് നല്കിയ 28 സെന്റ് സ്ഥലത്ത്കെട്ടിടം നിര്‍മ്മിച്ച് മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളൊരുക്കി. കാലാകാലങ്ങളില്‍ ഇവിടെ സേവനമനുഷ്ഠിച്ച അധ്യാപകര്‍ ,സാമൂഹ്യ പ്രവര്‍ത്തകര്‍, പി.ടി.എ.....വഹിച്ച നിതാന്ത പരിശ്രമങ്ങളാണ് ഈ സ്കൂളിനെ ശൈശവ ദശയില്‍ നിന്നും കരകയറ്റിയത്. സര്‍ക്കാര്‍, വിദ്യാഭ്യാസഏജന്‍സികള്‍, പഞ്ചായത്ത്.......ഇവയുടെ നിരന്തരമായകരുതലും സഹായഹസ്ത്ങ്ങളും ശ്ലാഘനീയമാണ്

പാരിസ്ഥിതികപ്രത്യേകതകള്‍ മൂലം (ഉപ്പു കാററിന്റെ സ്വാധീനം) കെട്ടടം,ഫര്‍ണീച്ചര്‍ തുരുമ്പെടുത്ത് നശിക്കുന്നതിന് കാരണമാകുന്നതും ഇവ കുടെക്കൂടെ പുനസ്ഥാപിക്കേണ്ടിവരുന്നതും ഒരു വെല്ലുവിളിയാണ് 2000-മാണ്ടില്‍ നിര്‍മ്മിച്ച കെട്ടിടം ഉപയോഗശുന്യമായതിനേത്തുടര്‍ന്ന് നിലവില്‍ മതിയായത്ര ക്ലാസ്സ് മുറികളില്ല , ശാന്തവും സുരക്ഷിതവുമായ പഠനാന്തരീക്ഷം സംജാതമാക്കാന്‍ചുററുമതില്‍ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി നല്ലകളിസ്ഥലം..........ഇവയെല്ലാം ഒരുക്കേണ്ടതുണ്ട്

, നിലവിലുള്ള അധ്യാപകര്‍,PTA ,SMC വിവിധ ഏജന്‍സികള്‍ ..., എല്ലാം ഗ്രാമത്തിന്റെ സരസ്വതി ക്ഷേത്രമായ ഈസ്കൂളിന്റെ നിലനില്പിനും വികസനത്തിനായി 'എല്ലാ തലങ്ങളിലും ഇടപെടലുകള്‍ നടത്തുന്നു.പ്രീപ്രൈമറി ഉള്‍പ്പെടെ ഒരുയു.പി സ്ക്കുളായി ഉയര്‍ത്തപ്പെടണമെന്ന നാട്ടുകാരുടെ സ്വപ്നം പൂവണിയട്ടെ എന്നാശംസിക്കുന്നു.

## അടിസ്ഥാന വിവരങ്ങള്‍

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് .. | : | ജി.എല്‍.പി.എസ് കോയിപ്പാടി കടപ്പുറം |
| വിലാസം | : | കോയിപ്പാടി ,കുമ്പള ,കാസര്‍ഗോഡ് |

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 11341 |
| വിദ്യാഭ്യാസ ജില്ല | : | കാസർഗോഡ് |
| വിദ്യാഭ്യാസ ഉപജില്ല | : | കുമ്പള,ബദിയടുക്ക |
| ബി ആർ സി | : | ബദിയടുക്ക |
| പഞ്ചായത്ത് | : | കുമ്പള |
| വില്ലേജ് | : | കോയിപ്പാടി |
| ബ്ലോക്ക് | : | മഞ്ചേശ്വരം |
| താലൂക്ക് | : | മഞ്ചേശ്വരം |
| സി ആർ സി | : | ജി .ഡബ്ല്യു .എൽ .പി .എസ് കുമ്പള |
| ഇ-മെയിൽ | : | alice.hmkpdy@gmail.com |
| പ്രധാനാധ്യാപികയുടെ പേര് | : | ഷാന്റി കെ. ജെ |
| മൊബൈൽ നമ്പർ | : | 8848696814 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | അവതരണം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം ഉറപ്പാക്കുക | ➢ അക്ഷര ദീപം ( വിദ്യാലയ തനത് പ്രവർത്തനം) | ലക്ഷ്യം നേടുന്നത് വരെ (ജൂൺ മുതൽ) | ➢ ക്ലാസ് ടീച്ചർ<br>➢ SRG | CPTA |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോ ടെ അവതരിപ്പിക്കൽ | ➢ പാട്ടരങ്ങ് (1,2 STD)<br>➢ കാവ്യോത്സവം<br>➢ കഥോത്സവം | (ജൂലൈ മുതൽ)<br><br>ജൂൺ മുതൽ നവംബർ- ഡിസംബർ | ➢ ഭാഷാധ്യാപകർ<br>➢ ക്ലാസ് ടീച്ചർ | CPTA<br><br>പഠനോത്സവം |
| സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ്മുതൽ വികസിപ്പിക്കക | ➢ വായനോത്സവം<br>➢ ചിത്ര വായന<br>➢ അമ്മ വായന<br>➢ നിർമ്മാണ ശില്പശാല | ജൂൺ മുതൽ<br><br>(ഓഗസ്റ്റ് - സെപ്റ്റംബർ) | ➢ ഭാഷാധ്യാപകർ<br>➢ ക്ലാസ് ടീച്ചർ<br>➢ SRG<br>➢ PTA<br>➢ SMC | CPTA |
| ആഹ്ലാദ പൂർണമായ വായന അനുഭവങ്ങളിലൂടെഎ ല്ലാ കുട്ടികളേയും വായനക്കാരാക്കുക | ➢ വളരുന്ന വായന<br>➢ ക്ലാസ് ലൈബ്രറി<br>➢ വായനാ മരം<br>➢ റീഡേഴ്സ്തിയേറ്റർ<br>➢ വീട്ടിൽ ഒരു ലൈബ്രറി | (ജൂൺ മുതൽ)<br>(ജൂൺ മുതൽ)<br>(ജൂലൈ മുതൽ<br>(ഒക്ടോബർ<br>(ജൂൺ മുതൽ | ➢ ഭാഷാ ക്ലബ്ബ് കൺവീനർ<br>➢ ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വിവിധവ്യവഹാര രൂപങ്ങളിൽ സർഗാത്മക രചന നടത്താനുള്ള കഴിവ് വളർത്തിയെടുക്കുക | ➢ സ്കൂൾ പത്രം<br>➢ സചിത്ര സംയുക്ത ഡയറി(1,2 std)<br>➢ \| സർഗാത്മക ഡയറി(3,4std) | ജൂൺ മുതൽ) | ക്ലാസ് ടീച്ചർ | |
| വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനും അവസരം ഒരുക്കുക | ➢ ഞങ്ങൾഎഴുത്തുകാർ രചനോത്സവം<br>➢ പരിചയക്കുറിപ്പ്<br>➢ സംയുക്ത ഡയറികുറിപ്പ്<br>➢ പതിപ്പ് | ജൂൺ മുതൽ ജനുവരി | ക്ലാസ് ടീച്ചർ<br>SRG<br>PTA | |

# ENGLISH

| Goals | Activities | Time | Task | Performance |
|---|---|---|---|---|
| To enable learners to enjoy learning english | ➢ Language games<br>➢ Vocabulary games<br>➢ Rhymes<br>➢ Action songs | Throughout the year | English teacher | • CPTA<br>• Padanolsavam |
| To provide oppurtunities to improve listening skills through songs stories | ➢ Story telling<br>➢ Choralsinging | From june | English teacher | • CPTA |
| To enhance speaking english with confidence | ➢<br>➢ Role play<br>➢ Describing things<br>➢ English assembly | Frrom june | English teacher<br><br>Class teacher | • CPTA |
| To improve extensive reading skills | ➢ Class library<br>➢ Happy english and reading | From june | English teacher<br>SRG | |

| | | | | |
|---|---|---|---|---|
| | book(school's reading enhancement programme)<br>➢ Magical english (Documenting english newspaper reading) | | | |
| To empower | ➢ English magazine | December | English club | • Pada nols ava m |
| Learners to write english in creative way | ➢ Speech bubbles<br>➢ Developing story<br>➢ Diary | Through out the year | Convenor<br><br>English teacher | |
| To perform various discourses from text books | ➢ English fest<br>➢ Skit<br>➢ Roleplay<br>➢ Puppet show<br>➢ Choreography | January | English club<br>Convenor<br>PTA<br>English teacher | • CPT A<br>• Pada nols ava m |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | അവ തരണ ം |
|---|---|---|---|---|
| പ്രകൃതിയെ അറിയുകയും ആസ്വദിക്കു കയും ചെയ്യുന്നതിന് | പ്രകൃതി നടത്തം<br><br>നിരീക്ഷണക്കുറിപ്പ് | ജൂൺ | പരിസരപഠനം ടീച്ചർ | |
| പ്രകൃതി വിഭവ സംരക്ഷണം | ഔഷധത്തോട്ടം<br><br>പച്ചക്കറിത്തോട്ടം | ജൂൺ-മാർച്ച് | പരിസരപഠനം ടീച്ചർ,സയൻസ് ക്ളബ്ബ് | |
| ശാസ്ത്രാവ ബോ ധം വളർത്തുക | ശാസ്ത്ര ക്വിസ്-GK വാരാന്തക്വിസ്സ്.മാസാന്ത്യ ക്വസ്സ്,മെഗാക്വിസ്സ് | ജൂൺ-മാർച്ച് | പരിസരപഠനം ടീച്ചർ,സയൻസ് ക്ളബ്ബ് | |
| ശാസ്ത്ര | ശാസ്ത്ര | മാസത്തിലൊ | പരിസരപഠനം | |

| | | | | |
|---|---|---|---|---|
| പഠനം രസകരമാക്കൽ | പഠനവുമായിബന്ധപ്പെട്ട വാർത്തകൾ ഉൾപ്പെടുത്തി ചുമർപത്രം,പതിപ്പ് തയ്യാറാക്കൽ | ന്ന് | ടീച്ചർ, | |
| ശാസ്ത്രീയമനോഭാവം \| വളർത്തുന്നത ിന് | ലഘുപരീക്ഷണങ്ങൾ നടത്തുന്നു പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു | മാസത്തിലൊന്ന്(2,3 ക്ളാസ്സുകൾ മാസത്തി. രണ്ട്(നാലാം ക്ളാസ്സ് | പരിസരപഠനം ടീച്ചർ, | |
| നാടിന്റെ ശുചിത്വം എൻറെ ഉത്തരവാദിത്തവംശുചിത ്വബോ ധവുമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവേ സർവ്വേകൾ<br><br>ശുചിത്വ ചാർട്ട്<br><br>പോസ്റ്റർ രചനകൾ | ഓഗസ്ററ് | പരിസരപഠനം ടീച്ചർ,ക്ളാസ്സ്ടീച്ചർ | |
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധ മുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും \| 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കി \| ണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകള ും തിരിച്ചറിയുന്നതിന് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ | സെപ്റ്റംബർ | പരിസരപഠനം ടീച്ചർ, | കേരളം ഇന്ത്യ ഭൂപടവ ായന # സൂചികാ നിർമ്മ ാണം |
| ഭൂപട വായന | കേരളം ഇന്ത്യ | നവംബർ | | |

| | | | | |
|---|---|---|---|---|
| | ഭൂപടവായന #<br>സൂചികാ നിർമ്മാണം | | | |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | ചുമതല | അവതരണം |
|---|---|---|---|---|
| ഗണിത പഠനം ലളിതവും രസകരവുമാക്കൽ | ➢ സംഖ്യ ഗാനങ്ങൾ<br>➢ കാർഡുകൾ<br>➢ ഗണിതആൽബം<br>➢<br>മഞ്ചാടിസഞ്ചി<br>➢ കണക്കപെട്ടി | വർഷം മുഴുവൻ | ഗണിതാധ്യാപിക | പാഠോത്സവം |
| ഗണിത ചിന്താശേഷി വളർത്തൽ | ➢ ഗണിത കളികൾ<br>➢ ക്ലാസ്സിൽ ഒരു ഗണിത ലാബ് | വർജൂൺ മുതൽ)ഷം മുഴുവൻ | ഗണിതാധ്യാപിക<br>സി .പി .റ്റി . എ | CPTA |
| ജാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ➢ ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ,ടാൻഗ്രാം രൂപങ്ങൾ<br>➢<br>➢ നിർമ്മിക്കൽ, നിർമ്മാണ ശില്പശാല | വർഷത്തിലൊരിക്കൽ | | |
| ചതുഷ്ക്രിയകൾ ലളിതമാക്കുന്നതിന് | ➢ ഗണിത കളികൾ ഏണിയും പാമ്പും കളി,ഡയസ് കളി<br>➢<br>➢ സങ്കലനം<br>➢<br>➢ വ്യവകലനം | ജൂൺ മുതൽ) | ഗണിതാധ്യാപിക | |

| | | | | |
|---|---|---|---|---|
| | കളികൾ<br>➢<br>➢ കച്ചവടക്കളി | | | |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ക്കുന്നുവെന്ന് ഉറപ്പാ ധാരണ കൈവരി ക്കൽ | ➢ ഓരോ യൂണിറ്റിന്റെ യും അവസാനം മൂല്യനിർണ്ണയ ം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തു ന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| ഓരോ ക്ലാസിലും കരിക്കുലം വിഭാ വനം ചെയ്യുന്ന ഗണി തശേഷി നേടി എന്നുറപ്പാക്കൽ | ➢ ഓരോ ക്ലാസിലും ഗണിതപാഠ ങ്ങ ളിലെ H. W. പ്രവർത്തന ങ്ങൾ രക്ഷിതാ ക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്ക ൾ ഒരുക്കുന്നു | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാ ക്കൽ | ➢ ഗണിതത്തി ൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കാ യി പ്രത്യേക പഠനപ ദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പു കൾ, ശില്പശാലകൾ | ജൂൺ മുതൽഒക്ടോ ബർ വരെ | ക്ലാസ്സ് ടീച്ചർ | |

# അറബിക്

**1.അറബിക് മധുരം**

- അറബിക് ഭാഷയിൽ പിന്നോക്കംനില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി..

**പ്രവർത്തനം**

- ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.

- അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റി അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക..

- ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽ നോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക

**കാലയളവ് :**

- 2 മാസം

**ഭൗതികം**

- പുസ്തകങ്ങൾ, കമ്പ്യൂട്ടർ

**പിന്തുണ**

- ഡയറ്റ്
- BRC
- പൂർവ്വ വിദ്യാർത്ഥികൾ

## 2. വായനാ ലോകം

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ

- നല്ലവായനക്കാരനാക്കുക

**പ്രവർത്തനം**

- തെരഞ്ഞെടുത്ത ലളിതമായഅറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)

**പുസ്തകങ്ങൾ:**

- ചിത്ര കഥ (അറബിക്)
-

- കഥ പുസ്തകം (അറബിക്)
- 
- കുട്ടിക്കവിതകൾ (അറബിക്)
- 
- വിവരണ ബുക്കുകൾ (അറബിക്)
- 

➢ അറബിക് ക്വിസ്

➢ 2. ക്ലാസ്സ് വായന:

- ഓരോ അറബിക് പിരിഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക
- 
- വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക
- 
- കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക
- 

### കാലയളവ് :

➢ 6 മാസം

### ഭൗതികം

- പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി
- അറബിക് അധ്യാപകർ
- റിട്ടയർചെയ്ത് നാട്ടിലെ അറബിഭാഷ അധ്യാപകർ
- നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവ
- ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യ
- സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ
- സർക്കാർ ഫണ്ട്

## 3. ആസ്വാദന ലോകം

- സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

### പ്രവർത്തനം

**1. ആസ്വാദന സഭ:**

➢ പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനുംശ്രവിക്കാനും അവസരം സൃഷിട്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ... ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....

**2. കാഴ്ചയും കേൾവിയും:**

- നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം.

**3. ഉദാഹരണം:**

- ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ,ആനിമേഷൻ വിഡിയോകൾ, ധാർമിക കഥകൾ. ഡോക്യുമെന്ററികൾ

## കാലയളവ്

- 6 മാസം

## ഭൗതികം

- സ്കൂൾ ഹാ
- ലാംഗ്വേജ് ലാബ്
- എൽ.സി.ഡി കമ്പ്യൂട്ടർ

# 4. അനുഭവ ലോകം

- അറബിക് ലാംഗ്വേജ് ലാബ്

### പ്രവർത്തനം

- വിദേശ ഭാഷ പഠനം ഏറ്റവുംസാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണു. അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.

- തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.

- ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം.

**കാലയളവ്** :

- 6 മാസം

# 5. അറബിക് അസംബ്ലി

- ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക
- ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക
- ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക
- പുസ്തകം പരിചയപ്പെടുത്തൽ
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

## 6. പദപരിചയം

- അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ

**പ്രവർത്തനം**

- അറബിക് അധ്യാപകന്റെ മേൽ നോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.
- ക്ലാസിലെ ലിഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.
- പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..
- എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിലത്തൽ നടത്തുന്നു.
- മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു
-

## 7. ദിനാചരണങ്ങൾ

- സ്കൂളി നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു
- നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ളപോസ്റ്ററുകൾ നിർമ്മിക്കുന്നു

## 8. എഴുത്തിന്റെ ലോകം

- കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ

പ്രവർത്തനം

- അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, റുഖഇ) എഴുത്തുകളാണു.
- ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ
- വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക
- ചുമർ പത്രിക
- മാസിക നിർമ്മാണം
- ചുമർ പത്രിക നിർമ്മാണം
- വായനാ കാർഡ് നിർമ്മാണം

## 9. മത്സരങ്ങളുടെ ലോകം

- മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക.

**ഉദാഹരണം:**

- 
- ക്വിസ്
- പദ നിർമ്മാണം
- കഥ പറയൽ
- കവിത ചൊല്ലൽ
- പദപ്രശ്നം
- കളറിങ്ങ്
- മെമ്മറി ടെസ്റ്റ്
- ഗദ്യ വായന
- ആംഗ്യ ഗാനം
- ഖുർആൻ പാരായനം
- പദപ്പയറ്റ്
- പസിൽസ്

## 10.അറബിക് ഫെസ്റ്റ്

- അന്താരഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾഡേ/ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക
- കാര്യപരിപാടികൾ:
- ഉത്ഘാടനം
- ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)
- മികച്ച അറബിക് കലാ അവതരണം
- തൊട്ടടുത്ത അറബിക്
- കവി/സാഹിത്യകാരൻ/പണ്ഡിതനെ.പങ്കെടുപ്പിക്കൽ ആദരിക്കൽ
- തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം
- അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)

# സാമൂഹികാവബോധം

**പ്രവർത്തനം: 1**

**പേര് : അതിഥിയെ അറിയൽ**

| **ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. പ്രവർത്തനം 1 പേര് വിവര സാങ്കേതിക വിദ്യയിൽ പരിശീലനം ഉപമേഖല : അധ്യാപക ശാക്തീകരണം ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | രണ്ടു മാസത്തിലൊരിക്കൽ | SRG | 1000 |
| **പ്രവർത്തനം : 2**<br><br>**പേര് : ഫീൽഡ് ട്രിപ്പ്**<br><br>**ഉപമേഖല : പൊതു സ്ഥാപനങ്ങൾ** | | | | |
| സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയ ◌ുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | രണ്ടു മാസത്തിലൊരിക്കൽ | SSG | 3000 |

# വിവര സാങ്കേതിക വിദ്യ

| **പ്രവർത്തനം 1**<br><br>**പേര് വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**<br><br>**ഉപമേഖല : അധ്യാപക ശാക്തീകരണം** | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |

| | | | | |
|---|---|---|---|---|
| | | | | വിശകലനം |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക \| | പാഠഭാഗവുമായി ബന്ധപ്പെട്ട L.C.T. സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ. \| സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ജൂൺ-മാർച്ച് | SITC | |
| **പ്രവർത്തനം:2**<br><br>**പേര് : IT ലാബ്**<br><br>**ഉപമേഖല: കമ്പ്യൂട്ടർ വിഞ്ജാനം** | | | | |
| കുട്ടികൾക്ക് സ്വതന്ത്രമായു ം നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്ക ാനുള്ള അവസരം | IT ICT പ്രവർത്തനങ്ങൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂലൈ-നവംബർ | SITC | |

# പ്രവൃത്തി പരിചയം

| | | | | |
|---|---|---|---|---|
| **പ്രവർത്തനം : 1**<br><br>**പേര് : പ്രവൃത്തി പരിചയശിൽപശാല**<br><br>**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം പാവ, പാഴ്വസ്തുക്കൾകൊണ്ട് കരകൗശലവസ്തുക്കൾ | സെപ്തംബർ | ക്ളാസ്സ്ടീച്ചർ,റിസോഴ്സ് പേഴ്സൺ | |

| | പഠനോപകരണങ്ങൾ | | | |
|---|---|---|---|---|
| **പ്രവർത്തനം: 2**<br><br>**പേര് : പേപ്പർ ബാഗ് നിർമാണം**<br>**ഉപമേഖല: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലു ◌ം വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം | നവംബർ | റിസോഴ്സ് പേഴ്സൺ | |
| **പ്രവർത്തനം : 3**<br><br>**പേര് : ഒറിഗാമി**<br><br>**ഉപമേഖല : കരകൗശല പരിശീലനം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇതരവിഷയങ്ങള ◌ുടെ പഠനവുമായി പ്രവൃത്തിപരി ചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ഓഗസ്റ്റ് | സഹാധ്യാപകർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പേര് കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |

| | | | | |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, സുംബ ഡാൻസ് എന്നി വ,നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - | SRG സഹാധ്യാപകർ | |
| ആരോഗ്യകരമായജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ബോധവൽക്കരണക്ളാസ്സുകൾ വ്യക്തിശുചിത്വം,നല്ല ഭക്ഷണശീലങ്ങൾ............ | ജൂൺ - ജനുവരി | റിസോഴ്സ് പേഴ്സൺ ക്ളാസ്സ്ടീച്ചർ | |

# സർഗവേദി

**പ്രവർത്തനം : 1**
**പേര് : സർഗവേദി**

**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽനേതൃത്വം: വിദ്യാർത്ഥികൾ | ജൂൺ- മാർച്ച് | ക്ളാസ്സ്ടീച്ചർ | |